**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4603** **10-08-2021 - ൽ മറുപടിയ്ക്ക്**

**കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക്ക് സിഗ്നൽ ലൈറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | **Shri Antony Raju**<br>**(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക്ക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിന് പോലീസ് വകുപ്പ് മുഖേന ലഭിച്ച 1,38,450 രൂപയുടെ ശിപാർശക്ക് 08.11.2017-ൽ ചേർന്ന മുപ്പത്തിമൂന്നാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം അംഗീകാരം നല്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതി നടപ്പിലാക്കുന്നതിന് എന്താണ് നിലവിലെ തടസ്സമെന്ന് വ്യക്തമാക്കാമോ? | (എ) | കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക്ക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിന് പോലീസ് വകുപ്പ് മുഖേന ലഭിച്ച 1,38,450/- രൂപയുടെ ശിപാർശക്ക് 08.11.2017-ൽ ചേർന്ന മുപ്പത്തിമൂന്നാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം അംഗീകാരം നൽകിയിട്ടുണ്ട്. ട്രാഫിക് സാഹചര്യത്തെ വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ കല്ലമ്പലം ജംഗ്ഷനിൽ ഫലപ്രദമായ ട്രാഫിക് നിയന്ത്രണത്തിനായി സിഗ്നൽ ലൈറ്റ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന ആവശ്യകത കവലയിലുണ്ട് എന്ന് കണ്ടെത്തിയിരുന്നു. (Junction satisfies warrants for traffic signal installation as per IRC 93-1985) എന്നാൽ, കവലയിലെ നിലവിലെ Geometric layout, നേരായ ചലനങ്ങൾക്കും, ട്രാഫിക് തിരിയുന്നതിനും ഫലപ്രദമായ ചാലനീകരണത്തിന് മതിയായ അകലം ഇല്ല (does not have adequate spacing for effective channelization of turning traffic and straight movements) ആയതിനാൽ നിലവിലുള്ള layout നിലനിർത്തിക്കൊണ്ട് ഈ കവലയിൽ ഒരു ട്രാഫിക് സിഗ്നൽ സംവിധാനം സ്ഥാപിക്കുന്നത് ഇപ്പോഴുള്ള ട്രാഫിക് സാഹചര്യം മെച്ചപ്പെടുത്തുന്നില്ല. സിഗ്നൽ സംവിധാനത്തിന്റെ അവസാന ഇൻസ്റ്റാളേഷന് മുമ്പ് Geometric layout മെച്ചപ്പെടുത്തലുകൾ നടത്താൻ നാറ്റ്പാക്ക് ശുപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ